ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.10.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. നാനാത്വത്തിൽ ഏകത്വമാണ് രാജ്യത്തിന്റെ സൗന്ദര്യമെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ; നവരാത്രി സർഗോത്സവം സാംസ്കാരിക സമ്മേളനം ഉപരാഷ്ട്രപതി കോഴിക്കോട് ഉദ്ഘാടനം ചെയ്തു.

   **Unity in diversity is the beauty of the nation," says Vice President CP Radhakrishnan; Vice President inaugurated the Navaratri Sargotsavam cultural conference in Kozhikode.**

2. സെൻസസ് ഭേദഗതി നിയമം 2026 വിജ്ഞാപനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   **Union Ministry of Home Affairs notifies the Census Amendment Act, 2026.**

3. തലാഖ് രീതികൾക്ക് ഏകീകൃത മാനദണ്ഡം ആവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്രത്തിൻറെ മറുപടി തേടി സുപ്രീം കോടതി.

   **The Supreme Court has sought responses from the Centre and others on a plea seeking uniform procedural safeguards for all forms of 'talaq'.**

4. സൗദി അറേബ്യയിലെ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് റിയാദിലെ ഇന്ത്യൻ എംബസി; വീടുകളിൽ തന്നെ തുടരാൻ നിർദേശം.

**Indian Embassy in Riyadh advises Indian citizens in Saudi Arabia to remain cautious; advised to stay indoors.**

5. പെട്രോൾ കയറ്റുമതി തീരുവ രണ്ട് രൂപ 50 പൈസയായി ഉയർത്തി കേന്ദ്ര സർക്കാർ; ഡീസലിന്റേത് 8 രൂപ 50 പൈസയായി കുറച്ചു.

**Government raises petrol export duty to 2.5 rupees per litre; Cuts diesel levy to 8.5 rupees per litre.**

6. ഇന്ത്യ - സിംബാബ്‌വെ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു.

**India vs Zimbabwe Women's T20 cricket series: India wins the toss and opts to field in the first match.**

## VP @ CALICUT ON KERALAM (INTRO)

നാനാത്വത്തിൽ ഏകത്വമാണ് രാജ്യത്തിന്റെ സൗന്ദര്യമെന്നും ഇത് തന്നെയാണ് പ്രധാനമന്ത്രിയുടെ ദേശീയ കാഴ്ചപ്പാടായ 'എക് ഭാരത് ശ്രേഷ്ഠഭാരതി'ൻറെ അടിസ്ഥാനമെന്നും ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. കോഴിക്കോട് കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യു. രാഷ്ട്രീയ

സംഘർഷങ്ങൾ ഏറ്റവും കുറഞ്ഞ സംസ്ഥാനമായ കേരളത്തിൽ ജാതിമതഭേദമന്യേ അപൂർവ്വ സൗഹാർദ്ദാന്തരീക്ഷമാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. (ഹോൾഡ്)

നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ് നവരാത്രി ആഘോഷമെന്ന് ചടങ്ങിൽ പങ്കെടുത്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. രാജ്യസഭാ എംപി സി സദാനന്ദൻ മാസ്റ്റർ ഉൾപ്പെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

## HOME AFFAIRS-CENSUS RULES

സെൻസസ് ഭേദഗതി നിയമം 2026 വിജ്ഞാപനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ, തുടങ്ങിയവരെ ഉൾപ്പെടുത്തി, എന്യൂമറേറ്റർമാരാകാൻ യോഗ്യതയുള്ളവരുടെ പട്ടിക പരിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും, ബാങ്കുകളിലെയും ഉദ്യോഗസ്ഥർ എന്നിവർക്ക് ഉൾപ്പെടെ സെൻസസ് എന്യൂമറേറ്റർമാർ ആകാൻ പുതിയ നിയമത്തിലൂടെ സാധിക്കും.

## FM-THAILAND VISIT

ബാങ്കോക്കിൽ നടന്ന അന്താരാഷ്ട്ര നാണയ നിധി-ലോക ബാങ്ക് വാർഷിക യോഗങ്ങളുടെ ഭാഗമായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോഓപ്പറേഷൻ ഗവർണർ കസുഹിക്കോ അമകാവയുമായി കൂടിക്കാഴ്ച നടത്തി. ശുദ്ധ ഊർജം, അർദ്ധചാലകങ്ങൾ , നിർണായക ധാതുക്കൾ എന്നീ മേഖലകളിൽ സഹകരണം വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു. വിശാഖപട്ടണം ഉൾപ്പെടെ ടിയർ-ടു , ടിയർ-ത്രീ

നഗരങ്ങളിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ശ്രീമതി സീതാരാമൻ ജാപ്പനീസ് നിക്ഷേപകരോട് ആഹ്വാനം ചെയ്തു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## IMF OUTLOOK-INDIA

പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിൽ എണ്ണ ഇറക്കുമതിയിലെ വൈവിധ്യവൽക്കരണം ഇന്ത്യയ്ക്ക് ഗുണകരമായതായി അന്താരാഷ്ട്ര നാണയ നിധി. ഐ.എം.എഫിൻറെ ഏഷ്യ ആൻഡ് ദി പസഫിക് റീജിയണൽ ഇക്കണോമിക് ഔട്ട്ലുക്ക് റിപ്പോർട്ടിലാണ് പരാമർശം. എന്നാൽ എണ്ണവില ദീർഘകാലം ഉയർന്ന് നിൽക്കുന്നത് പുതിയ പണപ്പെരുപ്പ ഭീഷണികൾ ഉയർത്താമെന്നും ഐ.എം.എഫ് മുന്നറിയിപ്പ് നൽകുന്നു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## WORLD BANK

ലോകബാങ്ക് വഴിയുള്ള വികസന പ്രവർത്തനങ്ങൾക്കായി സ്വകാര്യ മൂലധനം ലഭ്യമാക്കുന്ന രാജ്യങ്ങളിൽ മുൻനിരയിലെത്തി ഇന്ത്യ. ബാങ്കോക്കിൽ നടന്ന ലോകബാങ്ക് വാർഷിക പൊതുയോഗത്തിൽ അധ്യക്ഷൻ അജയ് ബംഗയാണ് അന്താരാഷ്ട്ര വികസന ധനകാര്യ മേഖലയിലെ ഇന്ത്യയുടെ പങ്ക് വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം 110-ലധികം രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപകരിൽ നിന്നാണ് ലോകബാങ്ക് മൂലധനം സമാഹരിച്ചത്. ഇതിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ചത് യു.എസ്, ബ്രിട്ടൻ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നാണെന്നും അദ്ദേഹം അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## GOVT - ATF

പെട്രോൾ, ഡീസൽ, വിമാന ഇന്ധനം എന്നിവയുടെ അടുത്ത രണ്ടാഴ്ച കാലത്തെ പുതുക്കിയ കയറ്റുമതി തീരുവ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. പെട്രോൾ ലിറ്ററിന് 2 രൂപ 50 പൈസയും ഡീസലിന് 8 രൂപ 50 പൈസയുമാണ് കയറ്റുമതി തീരുവ. വിമാന ഇന്ധനത്തിന്റെ തീരുവ ലിറ്ററിന് 10 രൂപ 50 പൈസയായി തുടരും. പുതുക്കിയ നിരക്കുകൾക്ക് ഇന്ന് മുതൽ പ്രാബല്യമുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## VP

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സുരക്ഷയ്ക്കും സമൃദ്ധിക്കും ഇന്ത്യൻ മഹാസമുദ്ര മേഖല ഏറെ പ്രധാനപ്പെട്ടതെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച നാവികസേനാ കപ്പൽ 'സമർത്ഥക്', കർണാടകയിലെ ഐഎൻഎസ് കദംബ നേവൽ ബേസിൽ നടന്ന ചടങ്ങിൽ രാജ്യത്തിന് സമർപ്പിക്കുകയായിരുന്നു ഉപരാഷ്ട്രപതി. നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ, മുതിർന്ന നാവികസേനാ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SC-TALAQ

മുസ്ലിം വ്യക്തിനിയമപ്രകാരമുള്ള എല്ലാത്തരം 'തലാഖ്' രീതികൾക്കും ഏകീകൃതമായ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ, കേന്ദ്ര സർക്കാരിനോടും മറ്റ് കക്ഷികളോടും സുപ്രീം കോടതി മറുപടി തേടി. 'ത്വലാഖ്-ഇ-ഹസൻ' രീതിയുടെ സാധുത ചോദ്യം ചെയ്യുകൊണ്ട് പരിഗണനയിലുള്ള മറ്റൊരു ഹർജിക്കൊപ്പം

പുതിയ ഹർജിയും ഉൾപ്പെടുത്തിയിട്ടുണ്ട്. , ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസ് ജോയ്മാല്യ ബാഗ്ചി എന്നിവരടങ്ങുന്ന ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## INDIA SAUDI ADVISORY

സൗദി അറേബ്യയിലുള്ള ഇന്ത്യൻ പൗരന്മാർ പ്രാദേശിക അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്നും വ്യോമാക്രമണമുണ്ടായാൽ വീടുകൾക്കുള്ളിൽ തന്നെ തുടരണമെന്നും റിയാദിലെ ഇന്ത്യൻ എംബസി. നിലവിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളോ ചിത്രങ്ങളോ വീഡിയോകളോ പകർത്തുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യരുതെന്നും എംബസി നിർദേശിച്ചു. ഉംറ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യാൻ തയ്യാറെടുക്കുന്ന ഇന്ത്യക്കാർ, സ്ഥിതിഗതികൾ നിരീക്ഷിക്കണമെന്നും എംബസി അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## AIR INDIA- FLIGHT CANCEL

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് റിയാദ്, ദമാം, ജിദ്ദ എന്നിവിടങ്ങളിലേക്കും

തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി എയർ ഇന്ത്യ. യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഈ മാസം 20 വരെയാണ് നടപടി. യാത്രക്കാർക്ക് മുഴുവൻ തുകയും റീഫണ്ട് നൽകുമെന്നും എയർ ഇന്ത്യ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SEVASANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്തിന്റെ ഭാഷാ-സാംസ്കാരിക വൈവിധ്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ആരംഭിച്ച ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയെക്കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്.
വിശദാംശങ്ങളിലേക്ക്......
(വോയിസ്)

## SEVASANKALP (VOICE)

വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾക്കിടയിൽ പരസ്പര ധാരണ വളർത്തുകയും ബന്ധങ്ങൾ ദൃഢമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2016ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' പദ്ധതിക്ക് തുടക്കം കുറിച്ചത്. വ്യത്യസ്ത സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ബന്ധിപ്പിച്ച് അതത് പ്രദേശങ്ങളുടെ ഭാഷ, സാഹിത്യം, ഭക്ഷണം, ഉത്സവങ്ങൾ, കലകൾ, വിനോദസഞ്ചാരം എന്നിവ പരസ്പരം മനസ്സിലാക്കാനും പങ്കിടാനും പദ്ധതിയിലൂടെ അവസരം ഒരുക്കുന്നു. സാംസ്കാരിക കൈമാറ്റങ്ങൾ, വിദ്യാർത്ഥികളുടെ പഠനയാത്രകൾ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു.
ന്യൂസ് ഡെസ്ക് ആകാശവാണി.....

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## NIYAMASABHA

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ അഞ്ചാം ദിനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭ ഉച്ചയോടെ പിരിഞ്ഞു. അനൗദ്യോഗിക ബില്ലുകളും

പ്രമേയങ്ങളും സഭ ഇന്ന് പരിഗണിച്ചു. പൂജാ അവധിക്ക് ശേഷം ഈ മാസം 26 നാവും സഭ വീണ്ടും ചേരുക.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## CRICKET IND - ZIM

ഇന്ത്യ - സിംബാബ്‌വെ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു. റായ്പൂരിലാണ് മത്സരം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ സിംബാബ്‌വെ 2.2 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 14 റൺസ് നേടിയിട്ടുണ്ട്. ഛത്തീസ്ഗഡ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, മത്സരം കാണാൻ സ്ത്രീകൾക്ക് സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിട്ടുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## IND VS WI T20

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ. ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് കളി. രണ്ട് മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും പരമ്പര സ്വന്തമാക്കാൻ നാളത്തെ മത്സരം നിർണായകമാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത തുടരും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## DAY-IMD

തെക്കൻ കർണാടകയുടെ ഉൾപ്രദേശങ്ങൾ, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിന് പുറമേ, ആന്ധ്രാപ്രദേശ്, തീരദേശ കർണാടക, മാഹി എന്നിവിടങ്ങളിൽ തിങ്കളാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

## EC - SSR

കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പെടെ 17 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംക്ഷിപ്ത വോട്ടർ പട്ടിക പരിഷ്കരണത്തിന് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. 2027 ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ചാണ് നടപടി. എസ്.ഐ.ആർ നടന്നുകൊണ്ടിരിക്കുന്നതോ അടുത്തിടെ പൂർത്തിയായതോ ആയ ഇടങ്ങളിൽ SSR-നുള്ള സമയക്രമം പിന്നീട് അറിയിക്കുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

## PCI - GUIDELINES

പ്രതിഷേധങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ. സംഘർഷ സ്ഥലങ്ങളിൽ മാധ്യമപ്രവർത്തകർ സുരക്ഷിത അകലം പാലിക്കണമെന്നും തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കണമെന്നും നിർദേശത്തിൽ പറയുന്നു. ഫ്രീലാൻസർമാർ റിപ്പോർട്ടിങ്ങ് നടത്തുന്ന സ്ഥലവും സമയവും എഡിറ്ററെ മുൻകൂട്ടി അറിയിക്കണം. പോലീസിന്റെ തത്സമയ നീക്കങ്ങൾ സംപ്രേക്ഷണം ചെയ്യരുതെന്നും സ്ഥിരീകരിച്ച

വിവരങ്ങൾ മാത്രം നിഷ്പക്ഷമായി നൽകണമെന്നും നിർദേശമുണ്ട്.

## FOREX RESERVES

രാജ്യത്തെ വിദേശനാണ്യ ശേഖരം 726 ബില്യൺ യുഎസ് ഡോളറായി കുറഞ്ഞു. ആർബിഐ കണക്കുകൾ പ്രകാരം, വിദേശ കറൻസി ആസ്തി 597.6 ബില്യൺ ഡോളറായും സ്വർണ്ണ ശേഖരം 105 ബില്യൺ ഡോളറായും കുറഞ്ഞു.